**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 900** — **24-02-2022 - ൽ മറുപടിയ്ക്ക്**

**കൂടൽകടവ്-പാൽവെളിച്ചം പ്രദേശത്തെ വന്യമൃഗശല്യ പ്രതിരോധ ഫെൻസിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗശല്യ പ്രതിരോധ ഫെൻസിംഗ് നടപ്പാക്കുന്നതിന്റെ ഭാഗമായി മാനന്തവാടി മണ്ഡലത്തിൽ ആരംഭിച്ച കൂടൽകടവ് - പാൽവെളിച്ചം ഭാഗത്തെ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ ; | (എ) | നോർത്ത് വയനാട് ഡിവിഷന് കീഴിൽ ബേഗൂർ റെയിഞ്ചിന്റെ പരിധിയിൽ കൂടൽകടവ് മുതൽ പാൽവെളിച്ചം വരെയുള്ള ഭാഗത്ത് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് ആരംഭിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്യുകയും പ്രവൃത്തി കോൺട്രാക്ടർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രവൃത്തി നടക്കുന്നില്ലെങ്കിൽ അതിന്റെ കാരണവും പ്രശ്നം പരിഹരിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ ; | (ബി) | മേൽ പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ച ഘട്ടത്തിൽ പ്രവർത്തിക്കായി തയ്യാറാക്കിയ ഡിസൈനിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന NIT കോഴിക്കോട്, ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ NIT കോഴിക്കോട് പുതിയ ഡിസൈൻ തയ്യാറാക്കി സമർപ്പിക്കുകയും, ആയത് സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്പ്മെൻറ് ഏജൻസി യോഗത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് മേൽ പ്രവൃത്തി പുനരാരംഭിക്കുന്നതിന് കോൺട്രാക്ടർക്ക് നിർദ്ദേശം നൽകുകയും നിലവിൽ ക്രാഷ് ഗാർഡ്റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള സ്റ്റീൽ ഗാർവണൈസിംഗ് ചെയ്യുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | നിലവിൽ ഈ പദ്ധതിയുടെ ഫയൽ ഏത് ഓഫിസിൽ, ഏത് ഉദ്യോഗസ്ഥന്റെ കൈവശം, എത്ര കാലമായി ഇരിക്കുന്നു എന്നുള്ളത് വ്യക്തമാക്കാമോ? | (സി) | 2019 മെയ് മാസം മുതൽ ഇന്നേവരെ മേൽ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നോർത്ത് വയനാട് ഡിവിഷനിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കൈവശമാണ് സൂക്ഷിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ